**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 615** **17-09-2025 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ സംരംഭങ്ങളും സബ്സിഡിയിനത്തിൽ നൽകാനുള്ള തുകയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | • സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു **ഫെസിലിറ്റേറ്റർ** എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.<br><br>1. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 നടപ്പിലാക്കിയിട്ടുണ്ട്.<br>2. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്<br>3. .2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനാനുമതി ഉൾപ്പെടെയുള്ള സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് മൂന്ന് വർഷം 6 മാസത്തേയ്ക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ നിയമ പ്രകാരം ലഭിക്കുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഉപയോഗിച്ച് കെട്ടിട നമ്പർ ലഭിക്കാത്ത കെട്ടിടത്തിൽ സംരംഭം തുടങ്ങുന്നതിന് സാധിക്കുന്നതാണ്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്ര ത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കി യിട്ടുള്ള കാലയളവിലേക്ക് കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി ഉപയോഗിക്കാവുന്നതുമാണ്.<br>4. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>5. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വ ത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>6. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>7. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകികരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br>8. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>9. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, എല്ലാ ജില്ലാ വ്യവസായ |

കേന്ദ്രങ്ങളിലും, താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

10. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭകവർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടത്തിയിരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട് .
11. സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19 നമ്പർ ആക്റ്റ് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്റ്റ്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനു മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കും നൽകാവുന്നതുമാണ്.
12. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
13. കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്യം ആക്കുന്നതിനു സഹായിക്കുന്നതിനായ കേരള ബ്രാൻഡ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.
14. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി (ONDC) MoUഒപ്പ് വച്ചു. ONDC നെറ്റ്‌വർക്കിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു.
15. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
16. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാന ത്തൊട്ടാകെയുള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.
17. കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി (**മിഷൻ 1000**) ആരംഭിച്ചിട്ടുണ്ട്.

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനു മായി സംരംഭക സഹായ പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി, നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിന് സഹായം നൽകുന്ന പദ്ധതി, തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and

cashew processing units)and cashew processing units) എന്നീ പദ്ധതികളും വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു.

(ബി) ഇയർ ഓഫ് എന്റർപ്രൈസസ് പദ്ധതി വഴി നാളിതുവരെ സംസ്ഥാനത്ത് എത്ര പുതിയ സംരംഭങ്ങൾ അധികമായി സ്ഥാപിച്ചുവെന്നും ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നും പുതുതായി സ്ഥാപിച്ച പദ്ധതിയുടെ പേര്, വിലാസം, ജില്ല, മുടക്കുമുതൽ, നേരിട്ട് ലഭിക്കുന്ന ജോലി എന്നിവയുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ നൽകാമോ;

(ബി) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 3,53,133 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 22688.46 കോടി രൂപയുടെ നിക്ഷേപവും 7,49,712 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം ജില്ലാതലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും, നിക്ഷേപവും അതുവഴി ഉണ്ടായ തൊഴിലവസ രങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു

| **ജില്ല** | **തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം** | **നിക്ഷേപം (കോടി രൂപയിൽ)** | **തൊഴിലവസരങ്ങ** |
|---|---|---|---|
| തിരുവനന്തപുരം | 35003 | 1989.85 | 70827 |
| **കൊല്ലം** | **29697** | **1697.23** | **60532** |
| **പത്തനംതിട്ട** | **13104** | **631.64** | **26462** |
| **ആലപ്പുഴ** | **26655** | **1299.8** | **52298** |
| **കോട്ടയം** | **21094** | **1353.4** | **42737** |
| **ഇടുക്കി** | **11134** | **721.67** | **23091** |
| **എറണാകുളം** | **35730** | **3213.28** | **85980** |
| **തൃശ്ശൂർ** | **33990** | **1992.7** | **71137** |
| **പാലക്കാട്** | 31401 | **1888.64** | **69086** |
| **മലപ്പുറം** | **33342** | **2243.74** | **76521** |
| **കോഴിക്കോട്** | **31241** | **2149.6** | **67608** |
| **വയനാട്** | **9588** | **715.92** | **20445** |
| **കണ്ണൂർ** | **27663** | **1895.77** | **56341** |
| **കാസർഗോഡ്** | **13485** | **895.22** | **26647** |
| **ആകെ** | **353127** | **22688.46** | **749712** |

(സി) സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി 2020 മുതൽ സംസ്ഥാനത്ത് ആഗോള നിക്ഷേപ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എത്ര വ്യവസായങ്ങൾക്ക് എത്ര കോടി രൂപയുടെ ഓഫറുകളാണ് ലഭിച്ചിരുന്നതെന്നും ഇതിനോടകം എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികൾ

(സി) അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർ അന്തരീക്ഷത്തെ പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കുവാനും അതുവഴി കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുവാനുമായി സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ആഗോള നിക്ഷേപ സംഗമം 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തി. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മി എന്ന ആഗോള നിക്ഷേപക സംഗമം.

ആഗോള നിക്ഷേപ സംഗമം വഴി നിരവധി ധാരണ പത്രങ്ങൾ സർക്കാരിന് ലഭിക്കുകയും ഇവ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

| | | | |
|---|---|---|---|
| | എവിടെയെല്ലാം ആരംഭിച്ചു എന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (ഡി) | സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങിയവർക്ക് സബ്സിഡി ഇനത്തിൽ മൊത്തം എത്ര രൂപയുടെ കുടിശ്ശികയുണ്ടെന്നും മലപ്പുറം ജില്ലയിൽ എത്ര സംരംഭകർക്ക് എത്ര രൂപ കൊടുക്കാനുണ്ടെന്നും അത് എന്ന് കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | 2025-26 സാമ്പത്തിക വർഷകാലയളവിൽ ഇതുവരെ ജില്ല തല കമ്മിറ്റികൾ പാസ്സാക്കിയ അപേക്ഷകളുടെ സബ്സിഡി വിതരണത്തിനായി 124,84,78,015 രൂപ ആവശ്യമാണ്. മലപ്പുറം ജില്ലയിൽ 31/07/2025 തീയതി വരെ 177 യൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നതിനായി 14,54,12,523/- രൂപ ആവശ്യമാണ്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ